**ഇന്റർനാഷണൽ കളക്ടീവ് ഇൻ സപ്പോർട്ട് ഓഫ് ഫിഷ്-വർക്കേഴ്സ് (ICSF)**
**കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA)**

# ശിൽപ്പശാല
# കടൽ സുരക്ഷയും മത്സ്യമേഖലാ പരിപാലനവും: കേരളത്തിലെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള പരിശിലനവും ശേഷി വികസനവും

*കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA), തൃശൂർ*
*01-02 മാർച്ച് 2023*

## ആശയ കുറിപ്പ്

### I. ആമുഖം

അന്താരാഷ്ട്ര തലത്തിൽ ചർച്ചകളിലൂടെ തയ്യാറാക്കപ്പെട്ട "ഭക്ഷ്യ സുരക്ഷയുടെയും ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെയും പശ്ചാത്തലത്തിൽ സുസ്ഥിരമായ ചെറുകിട മത്സ്യമേഖലയുടെ സംരക്ഷണത്തിനായി സ്വമേധയാ നടപ്പാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ" (എസ്.എസ്.എഫ് മാർഗ്ഗനിർദ്ദേശങ്ങൾ) 2014 ജൂൺ 14-നാണ് ഐക്യരാഷ്ട്ര സഭയുടെ ലോക ഭക്ഷ്യ കാർഷിക സംഘടനയുടെ (FAO) കമ്മിറ്റി ഓൺ ഫിഷറീസ് (COFI) അതിന്റെ മുപ്പത്തിഒന്നാമത് സമ്മേളനത്തിൽ അംഗീകരിച്ചത്. എസ്.എസ്.എഫ് മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുന്നത് പോഷകാഹാര ലഭ്യതക്കും ഭക്ഷ്യ സുരക്ഷക്കും ചെറുകിട-മത്സ്യമേഖല നൽകുന്ന സംഭാവന വിപുലപ്പെടുത്തുന്നതിന് ഒരു നിർണ്ണായക ചുവടുവയ്പ് ആയിരിക്കും എന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. ഇത് നടപ്പാക്കുന്ന പ്രക്രിയയുടെ ഭാഗമെന്ന നിലയിൽ, ഇന്റർനാഷണൽ കളക്ടീവ് ഇൻ സപ്പോർട്ട് ഓഫ് ഫിഷ്-വർക്കേഴ്സ് (ICSF) ട്രസ്റ്റ് 'മത്സ്യമേഖലാ പരിപാലനം, സാമൂഹ്യ വികസനം, കടലിലെ സുരക്ഷ' എന്ന വിഷയത്തിൽ ഒരു ശേഷി വികസന ശിൽപ്പശാല FAO-യുടെ സഹായത്തോടെ സംഘടിപ്പിക്കുകയാണ്. ഈ ശിൽപ്പശാല 2023 മാർച്ച് 1, 2 തീയതികളിൽ കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) തൃശൂർ വച്ചായിരിക്കും നടത്തുന്നത്. കേരളത്തിലെ പഞ്ചായത്തുകൾ, മത്സ്യത്തൊഴിലാളി സംഘടനകൾ, പൗരസമൂഹ സംഘടനകൾ

എന്നിവയിൽ നിന്നുള്ള പ്രധാന പ്രതിനിധികൾ ഇതിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

## II. പശ്ചാത്തലം

എസ്.എസ്.എഫ് മാർഗ്ഗനിർദ്ദേശങ്ങൾ അതിന്റെ നടപ്പാക്കലിൽ വികേന്ദ്രീകൃത പ്രാദേശിക ഭരണ സംവിധാനങ്ങളുടെ പങ്ക് തിരിച്ചറിയുന്നുണ്ട്. ഇന്ത്യയുടെ ഭരണഘടനയിലെ 73-ാമതും 74-ാമതും ഭേദഗതികൾ വികേന്ദ്രീകൃതമായ രീതിയിൽ പ്രവർത്തിക്കാനുള്ള അവസരവും വേദിയും പ്രദാനം ചെയ്യുന്നു. പ്രാദേശിക സാമ്പത്തിക വികസനവും സാമൂഹ്യ നീതിയും ഉറപ്പുവരുത്താൻ ലക്ഷ്യമിട്ടുള്ളതാണ് ഭരണഘടനാ ഭേദഗതികളെങ്കിൽ എസ്.എസ്.എഫ് മാർഗ്ഗനിർദ്ദേശങ്ങൾക്കും അതേ ലക്ഷ്യമാണുള്ളത്.

2019 നവംബറിൽ, "ഭക്ഷ്യ സുരക്ഷയുടെയും ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെയും പശ്ചാത്തലത്തിൽ സുസ്ഥിരമായ ചെറുകിട മത്സ്യമേഖലയുടെ സംരക്ഷണത്തിനായി സ്വമേധയാ നടപ്പാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ" (എസ്.എസ്.എഫ് മാർഗ്ഗനിർദ്ദേശങ്ങൾ) സംബന്ധിച്ച അവബോധം വളർത്തുകയെന്ന ലക്ഷ്യത്തോടെ, തൃശൂർ വച്ച് ഒരു ദേശീയ ശിൽപ്പശാല നടത്തിയിരുന്നു. എസ്.എസ്.എഫ് മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് രാജ്യത്തെ ത്രിതല ഭരണ സംവിധാനത്തിന് കീഴിൽ പ്രാദേശിക തലത്തിൽ പ്രാദേശിക സ്വയം-ഭരണ സംവിധാനങ്ങൾക്ക് പരമപ്രധാനമായ പങ്ക് വഹിച്ചുകൊണ്ട് എങ്ങനെ സഹായിക്കാൻ കഴിയുമെന്നാണ് ആ ശിൽപ്പശാല മുഖ്യമായും ചർച്ച ചെയ്തത്.

വിവിധ സെഷനുകളുടെയും ഗ്രൂപ്പ് ചർച്ചകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ആ ശിൽപ്പശാലയുടെ ശുപാർശകൾ ഈ മേഖലയിലെ പ്രധാന താൽപ്പര്യക്കാരുടെ ശേഷി വികസനത്തിന് ആവശ്യമായ മൂന്ന് പ്രധാന പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു.

i. പ്രാദേശിക സ്വയ-ഭരണ സ്ഥാപനങ്ങൾക്ക് (LSGs) മീൻപിടുത്ത സമൂഹങ്ങളുടെ (കടലോര, ഉൾനാടൻ) സാമൂഹ്യ വികസനത്തിന്, കടലിലെ സുരക്ഷ ഉൾപ്പെടെ, എങ്ങനെ പങ്കുവഹിക്കാൻ കഴിയും?
ii. ജല-തീര ജൈവ-ആവാസ വ്യവസ്ഥകൾ ഫലപ്രദമായി പുനരുജ്ജീവിപ്പിക്കാൻ, സംരക്ഷിക്കാൻ, പരിപാലിക്കാൻ LSG-കൾക്ക് എന്തു ചെയ്യാനാകും?

iii. പ്രാദേശിക ഭരണത്തിനായുള്ള ജനാധിപത്യ വേദികളിൽ മീൻപിടുത്ത സമൂഹങ്ങളുടെ (കടലോര, ഉൾനാടൻ) പങ്കാളിത്തം ശക്തിപ്പെടുത്താൻ LSG-കൾക്ക്, കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക്, കൂടാതെ പൗര-സാമൂഹ്യ സംഘടനകൾക്ക് എന്ത് ചെയ്യാനാകും?

## III. ശിൽപ്പശാലയുടെ ലക്ഷ്യങ്ങൾ

ഈ ശിൽപ്പശാലയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിരിക്കുന്നത് (i) 2019 ശിൽപ്പശാല ശുപാർശകൾ (ii) കിലയുടെ കാലാവസ്ഥ വ്യതിയാനത്തിൽ പ്രാദേശിക പ്രവർത്തന പരിപാടിക്കായുള്ള (LAPCC) രീതിശാസ്ത്രം കൂടാതെ (iii) കടൽ സുരക്ഷാ പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടതിന്റെ ആവശ്യകത, എന്നിവയുടെ അടിസ്ഥാനത്തിലാണ്. ശിൽപ്പശാലയുടെ ലക്ഷ്യങ്ങൾ ഇവയാണ്:

- കടൽ സുരക്ഷാ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്നതിന് പ്രാദേശിക സ്വയം-ഭരണ സ്ഥാപനങ്ങളുടെ (പഞ്ചായത്തുകൾ) അവബോധം ഉയർത്തുക
- കടലോര, ഉൾനാടൻ ചെറുകിട മീൻപിടുത്ത സമൂഹങ്ങളുടെ സാമൂഹ്യ വികസനം മെച്ചപ്പെടുത്തുക
- സുസ്ഥിരമായ മത്സ്യ പരിപാലനം നടപ്പാക്കാൻ മത്സ്യത്തൊഴിലാള സംഘടനകളെയും പഞ്ചായത്തുകളെയും പ്രാപ്തമാക്കുക

## IV. പ്രതീക്ഷിക്കുന്ന ഫലം

കേരള സംസ്ഥാനത്തിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുടെ, ഗ്രാമീണ പഞ്ചായത്ത് വികസന പരിപാടിയിൽ (GPDP), മത്സ്യ വിഭവ പരിപാലനം, സാമൂഹ്യാടിസ്ഥാനത്തിലുള്ള കടൽ-സുരക്ഷാ തയ്യാറെടുപ്പുകൾ, സാമൂഹ്യ വികസനം എന്നിവ ഉൾപ്പെടുത്തുന്നതിന് പ്രാദേശിക-ഭരണ സ്ഥാപനങ്ങളെ പ്രേരിപ്പിക്കുന്നതിന് മത്സ്യത്തൊഴിലാളി /സാമൂഹ്യ-പൗര സംഘടനകൾ ശിൽപ്പശാലക്ക് ശേഷം പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പ്രാദേശിക കടൽ സുരക്ഷാ പ്രോട്ടോകോൾ പ്രാബല്യത്തിലാകുന്നത് തീരക്കടലിലും അഴിമുഖങ്ങളിലും അപകടത്തിൽ പെടുന്ന മീൻപിടുത്തക്കാരുടെ തെരച്ചിലും രക്ഷിക്കലും മെച്ചപ്പെടുത്താൻ സഹായിക്കും, കൂടാതെ ആവശ്യമെങ്കിൽ ദേശീയ തലത്തിൽ ഏകോപിപ്പിക്കാനും അത് ഉപകരിക്കും.

*******************************